(സി) വൈദ്യുതി കണക്ഷൻ ലഭ്യമായി പമ്പ് സെറ്റ് സ്ഥാപിച്ച് പമ്പിംഗ് നടത്തി വരുന്നുണ്ട്. പദ്ധതി ഉടൻ ഭാഗികമായി കമ്മിഷൻ ചെയ്യുന്നതാണ്.

(ഡി) ഇക്കാര്യത്തിന് 14-10-1998-ന് ലഭിക്കത്തക്കവിധം സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടറുകൾ ക്ഷണിച്ചുവെങ്കിലും ടെണ്ടർ ഒന്നും കിട്ടിയില്ല. വീണ്ടും 11-1-1999 ൽ ടെണ്ടർ ക്ഷണിച്ചു. സാങ്കേതിക കാരണങ്ങളാൽ ചീഫ് എഞ്ചിനീയർ പുനർ ദർഘാസ് ക്ഷണിക്കുവാൻ തീരുമാനിച്ചു. 21-8-1999-ൽ പുനർ ടെണ്ടർ ക്ഷണിച്ചു. ലഭിച്ച ടെണ്ടറുകളുടെ ടെക്നിക്കൽ ബിൽ പരിശോധനയിലാണ്.

കോഴിക്കോട് ജില്ലയിൽ ജപ്പാന്റെ സഹായത്തോടെ ശുദ്ധജലവിതരണ പദ്ധതികൾ

28(931) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാന്റെ സഹായത്തോടെ ശുദ്ധജല വിതരണം നടത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കോഴിക്കോട് നഗരത്തിനും സമീപത്തെ 16 ഗ്രാമങ്ങൾക്കും വേണ്ടി ഓവർസിസ് എക്ണോമിക് കോ-ഓപ്പറേഷൻ ഫണ്ട് (ഒ.ഇ.സി.എഫ്) ഇപ്പോൾ ജപ്പാൻ ബാങ്ക് ഓഫ് ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഫണ്ട് (ജെ.ബി.ഐ.സി)- ന്റെ സഹായത്തോടെ ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 1997 ഫെബ്രുവരിയിൽ ഇൻഡ്യാഗവൺമെന്റും ഒ.ഇ.സി.എഫ് ഇപ്പോൾ (ജെ.ബി.ഐ.സി) യുമായി ഉണ്ടാക്കിയ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതി ഉൾപ്പെടെ 5 പദ്ധതികൾ നടപ്പാക്കാൻ വായ്പ ലഭിക്കും. കോഴിക്കോട് നഗരവും സമീപഗ്രാമങ്ങളായ നന്മണ്ട, കാക്കൂർ, കുന്ദമംഗലം, പെരുവയൽ, പെരുമണ്ണ, നരിക്കുനി, കുറുവത്തൂർ, ബാലുശ്ശേരി, ചേളന്നൂർ, ഏലത്തൂർ, കക്കോടി, തലകുളത്തൂർ, ഉള്ളവണ്ണ, "ചെറുവത്തൂർ നല്ലളം", ബേപ്പൂർ കടലുണ്ടി എന്നി 16 ഗ്രാമങ്ങളുമാണ് ഈ ശുദ്ധജലവിതരണ പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയുടെ അടങ്കൽ തുക 430.59 കോടി രൂപയാണ്. കരാർ അനുസരിച്ച് പദ്ധതിയുടെ നടത്തിപ്പിനുള്ള കൺസർട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.

താവളപ്പാറ ശുദ്ധജലവിതരണ പദ്ധതി

29(932) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly